# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ. ആർ.എസ്.(1) 20861/10/ഗ.വി.  തിരുവനന്തപുരം
തീയതി : 12/03/2020

## <u>പരസ്യലേല വിജ്ഞാപനം</u>

**വിഷയം** :- കേരള പബ്ലിക് സർവീസ് കമ്മീഷൻ - റെക്കോർഡ്സ് വിഭാഗം - ഗ്രൂപ്പ് 1 വിഭാഗത്തിൽപെടുന്ന പാഴ്ക്കടലാസ് ശേഖരം - പരസ്യലേലം ചെയ്ത് വിൽക്കുന്നത് - സംബന്ധിച്ച്.

**സൂചന** :-
1) 06/07/2019-ലെ 347/ഡി1/2019/സ്റ്റേ. നമ്പർ സ്റ്റേഷനറി വകുപ്പ് സർക്കുലർ.
2) 24/01/2020, 04/03/2020, 11/03/2020 എന്നീ തീയതികളിൽ സ്റ്റേഷനറി കരാറുകാരനായ ശ്രീ. ബി.ഐ. നൗഷാദിന് നൽകിയിട്ടുള്ള രജിസ്റ്റേഡ് കത്തുകൾ.
3) 12/03/2020 തീയതിയിലെ ഇതേ നമ്പർ ഫയലിലെ ഉത്തരവ്.

* * * * *

കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ആഫീസിലും തിരുവനന്തപുരം ജില്ലാ പി.എസ്.സി. ആഫീസിലും ഉള്ള ഗ്രൂപ്പ് 1 വിഭാഗത്തിൽപ്പെടുന്ന പാഴ്ക്കടലാസ് ശേഖരം (പഴയ വർത്തമാന കടലാസ്, സർക്കാർ ഗസറ്റുകൾ, കാലഹരണപ്പെട്ട ഫയലുകൾ, മുഷിഞ്ഞ കടലാസ്, പഴയ അഡ്രസ്സ് ലിസ്റ്റ് തുടങ്ങിയവ) 2019-20 സാമ്പത്തിക വർഷ കാലയളവിലെ സ്റ്റേഷനറി കരാറുകാരനായ ശ്രീ. ബി.ഐ.നൗഷാദ്, ബംഗ്ലാവ് പറമ്പിൽ, ആനക്കൽ പി.ഒ., കാഞ്ഞിരപ്പള്ളി - 686508 - ആയത് നിയമാനുസൃതം സൂചന 2 പ്രകാരം ആവർത്തിച്ച് രേഖാ മൂലം ആവശ്യപ്പെട്ടിട്ടും നീക്കം ചെയ്യാത്ത സാഹചര്യത്തിൽ സൂചന 1-ൽ പരാമർശിക്കുന്ന സ്റ്റേഷനറി വകുപ്പിന്റെ സർക്കുലർ നിർദ്ദേശം (10-ാം നമ്പർ നിർദ്ദേശം) അനുസരിച്ച് 07/04/2020-ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ഈ ആഫീസിൽ വച്ച് പരസ്യലേലം ചെയ്യുന്നതാണ്. ഗ്രൂപ്പ് 1 ഇനത്തിൽപ്പെടുത്തിയിട്ടുള്ള 'ടി' പാഴ്ക്കടലാസ് ശേഖരം ഒരു കിലോഗ്രാമിന് ഏറ്റവും കൂടിയ നിരക്കിൽ (GST 5% പുറമെ) വില നൽകുന്ന കരാറുകാരന് നിയമാനുസൃത ചട്ടങ്ങൾ അനുസരിച്ച് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ലേലം ഉറപ്പിച്ച് നൽകുന്നതാണ്.

ലേല വസ്തുക്കളുടെ തൂക്കം 500 Kg-ൽ കൂടുതലായതിനാൽ മൊത്തമായി വെയ്ബ്രിഡ്ജ് ഉപയോഗിച്ച് തൂക്കം എടുക്കേണ്ടതാണ്. ഇതിനായി കരാറുകാരൻ കൊണ്ടുവരുന്ന ലോറിയുടെ ഭാരം ലേല സാധനങ്ങൾ നിറയ്ക്കുന്നതിന് മുൻപും ശേഷവും വേയ്ബ്രിഡ്ജ് ഉപയോഗിച്ച് തൂക്കം എടുക്കേണ്ടതാണ്. ലേലം ഉറപ്പിച്ച കരാറുകാരൻ നിയമാനുസൃതമായ വില ഒടുക്കി തൊട്ടടുത്ത പ്രവർത്തി ദിവസങ്ങളിൽ തന്നെ ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ

ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപായി നിരതദ്രവ്യമായി 500 രൂപ (അഞ്ഞൂറ് രൂപ) കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാലുടൻ മറ്റുള്ളവരുടെ നിരതദ്രവ്യം മടക്കി കൊടുക്കുന്നതും സ്ഥിരപ്പെടുത്തിയ കരാറുകാരന്റെ 500 രൂപ ലേല വസ്തുക്കളുടെ തുക്ക വിലയിൽ ക്രമപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തുവാനോ, മാറ്റി വയ്ക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ഈ ആഫീസിലെ ജീവനക്കാർ 'ടി' ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

ഫോൺ : 0471 – 2546276.

(ഒപ്പ്)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

പകർപ്പ് :-

1) സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം.
2) ശ്രീ. ബി.ഐ. നൗഷാദ്, ബംഗ്ലാവ് പറമ്പിൽ, ആനക്കൽ പി.ഒ., കാഞ്ഞിരപ്പള്ളി
3) പി.ആർ. യൂണിറ്റ്
4) എൻക്വയറി
5) സർജന്റ്
6) നോട്ടീസ് ബോർഡ്
7) സ്റ്റോക്ക് ഫയൽ
8) വെബ്സൈറ്റ്

*L/12/03/20*